# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2444

09.12.2014-ൽ മറുപടിക്ക്

## സമഗ്ര ഭവന പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>,, റ്റി. എൻ. പ്രതാപൻ:<br>,, തേറമ്പിൽ രാമകൃഷ്ണൻ:<br>,, ആർ. സെൽവരാജ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. ഭവനം, ടാക്സസ്, റവന്യു, ഫിനാൻസ്, നിയമം, തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളും ഗുണങ്ങളുമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഭവന നിർമ്മാണത്തോടൊപ്പം പ്രാഥമിക അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും ആവാസ വ്യവസ്ഥയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കഴിയുന്നതാണ് 'എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്' എന്ന പദ്ധതി. പാവപ്പെട്ടവർക്കു വേണ്ടി ഗ്രാമ പ്രദേശങ്ങളിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരവും നഗരപ്രദേശങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരവുമുള്ള സഹായധനതുക സമാഹരിച്ചും മറ്റു വിവിധ പദ്ധതികളിൽ നിന്നുള്ള ധന സ്രോതസ്സ് ഉപയോഗിച്ചുകൊണ്ടും അധികമായി വേണ്ടിവരുന്ന തുക മറ്റ് സ്രോതസ്സുകളിൽ (നികുതിയില്ലാത്ത ബോണ്ടുകൾ, പലിശയിളവ് ഉള്ള വായ്പ, കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി തുടങ്ങിയവ) നിന്നും കണ്ടെത്തിയുമാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. വിവിധ വകുപ്പുകളുടെ ശരിയായ കൂട്ടായ്മയും വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സമഗ്രമായ ഏകോപനത്തിനും, സമയബന്ധിതമായും പ്രത്യേക ദൗത്യ രീതിയിൽ പ്രവർത്തിക്കുന്നതിനും വേണ്ടി, സമഗ്ര ഭവന പുനരധിവാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന്റെയും പദ്ധതി നടപ്പാക്കുന്നതിന്റെയും ചുമതല നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് സർക്കാരിന്റെ അധീനതയിലുള്ള ഒരു പബ്ലിക് കമ്പനി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ധനകാര്യ നിയമ ഭവന വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, നഗരകാര്യ – ന്യൂനപക്ഷ ക്ഷേമം വകുപ്പ് മന്ത്രി, പഞ്ചായത്ത് - സാമൂഹ്യക്ഷേമം വകുപ്പ് മന്ത്രി, വനം കായികം വകുപ്പ മന്ത്രി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ മന്ത്രി, ഗ്രാമ വികസന വകുപ്പ് മന്ത്രി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പശ്ചാത്തല വിവരണ റിപ്പോർട്ട് പ്രസ്തുത ഉപസമിതി പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ